രൂപ അങ്കൽ വരുന്ന പദ്ധതി നടപ്പാക്കിവരുന്നു. സംസ്ഥാന സർക്കാർ വിഹിതമായി ആകെ 144.5 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 193.76 കോടി രൂപ ചെലവിൽ കൊയിലാണ്ടി, തലായ്, ചെത്തി, അർത്തുങ്കൽ, (ഒന്നാം ഘട്ടം), ചെല്ലാനം, കാസർഗോഡ്, ചേറ്റുവ, പൊന്നാനി, എന്നീ ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണം ആരംഭിച്ചു. ഉൾനാടൻ മേഖലയിൽ 25 ഫിഷ് ലാന്റിംഗ് സെന്ററുകൾ ആരംഭിക്കുന്നതിന്റെ ആദ്യഘട്ടമായി 14 എണ്ണത്തിന്റെ നിർമ്മാണം ആരംഭിച്ചു. ഇതിൽ മുഹമ്മ, സാമ്പ്രാണിക്കോടി, ബേക്കൽ, മുസോഡി, കോയിപ്പാടി, പൂഞ്ഞാവി, അജാനൂർ, വൈപ്പിൻ, ചാത്തനാട് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചു. 18.1 കോടി രൂപ ചെലവിൽ നീണ്ടകര, തങ്കശേരി, കായംകുളം, പുതിയാപ്പ എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണ പദ്ധതിക്ക് തുടക്കം കുറിച്ചു. 97.5 കോടി രൂപ ചെലവഴിച്ചു. 516 തീരദേശ റോഡുകൾ പൂർത്തിയാക്കിവരുന്നു.

(ഇ) കുടിവെള്ളം, വൈദ്യുതി എന്നീ അടിസ്ഥാന സൗകര്യങ്ങൾക്കായുള്ള വിവിധ പദ്ധതികൾ വിവിധ ജില്ലകളിലായി സമഗ്ര തീരദേശ വികസന പദ്ധതി പ്രകാരം തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കിവരുന്നു.

പാർപ്പിടം, തീരദേശ റോഡുകൾ എന്നീ അടിസ്ഥാന സൗകര്യങ്ങൾക്കായുള്ള പദ്ധതികൾ ഫിഷറീസ്, ഹാർബർ എൻജിനീയറിംഗ് വകുപ്പുകൾ മുഖേന നടപ്പാക്കി വരുന്നുണ്ട്.

ബി.എസ്.യു.പി. പദ്ധതിയുടെ പുരോഗതി

20(*50) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ നഗരങ്ങളിലെ ചേരിപരിഷ്കരണത്തിനായി കേന്ദ്രസഹായത്തോടെ നടപ്പിലാക്കുന്ന ബി.എസ്.യു.പി. (Basic Service to Urban Poor People) പദ്ധതിയുടെ പുരോഗതി നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിലെ പോരായ്മകൾ പരിഹരിക്കാൻ എന്തൊക്കെ പുതിയ നിർദ്ദേശങ്ങളാണ് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ളത് ;

(സി) പ്രസ്തുത പദ്ധതിയിലൂടെ സംസ്ഥാനത്ത് നടത്തിവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി):

(എ) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സുഗമമായ നടത്തിപ്പിലേക്കായി സംസ്ഥാന തലത്തിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റും (പി.എം.യു.) തിരുവനന്തപുരം, കൊച്ചി, നഗരസഭകളിൽ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റുകളും (പി.ഐ.യു.) രൂപീകരിച്ചിട്ടുണ്ട്. പദ്ധതികളുമായി ബന്ധപ്പെട്ട പ്രോജക്ട് തയ്യാറാക്കൽ, നടത്തിപ്പ്, പദ്ധതി പുരോഗതി എന്നിവയിൽ നഗരസഭകളെ സഹായിക്കുന്നതിനും പദ്ധതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ടി യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. സംസ്ഥാന തലത്തിൽ ബി.എസ്.യു.പി. പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയും പദ്ധതി അവലോകനം നടത്തിവരുന്നുണ്ട്. കൂടാതെ എല്ലാ മാസവും സംസ്ഥാനതലത്തിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അദ്ധ്യക്ഷതയിലും, ജില്ലാതലത്തിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ അദ്ധ്യക്ഷതയിലും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അവലോകന യോഗം നടത്തി വരുന്നുണ്ട്. ഇതുകൂടാതെ ബി. എസ്. യു. പി. പദ്ധതിയുടെ സുഗമമായ നടത്തിപ്പിലേക്കായി ഉദ്യോഗസ്ഥർക്കും സി ഡി എസ് ഭാരവാഹികൾക്കും പരിശീലനം നൽകിയിട്ടുണ്ട്. ചെലവു കുറഞ്ഞ ഭവന നിർമ്മാണ രീതിയെക്കുറിച്ചുള്ള ടെക്നിക്കൽ മാനുവൽ മുതലായ പ്രത്യേകമായ ഇടപെടലുകളും കുടുംബശ്രീ നടത്തുന്നുണ്ട്. മുകളിൽ സൂചിപ്പിച്ചിട്ടുള്ള സംവിധാനങ്ങൾ കൂടാതെ പദ്ധതി പുരോഗതി വിലയിരുത്തുന്നതിന് ഐ.പി.ഒ. എം.എസ്. എന്ന വെബ് അധിഷ്ഠിത സംവിധാനം കേന്ദ്ര സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഇതിലൂടെ പദ്ധതിയുടെ ഓരോ ഘടകങ്ങളെക്കുറിച്ചുള്ള പുരോഗതി യഥാസമയം അറിയാൻ കഴിയുന്നതാണ്. ബി.എസ്.യു.പി. പദ്ധതിയുടെ ഓരോ ഘട്ടത്തിലുമുള്ള പുരോഗതി വിലയിരുത്തുന്നതിന് കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി സംസ്ഥാനതല തേർഡ് പാർട്ടി ഇൻസ്പെക്ഷൻ ആന്റ് മോണിറ്ററിംഗ് ഏജൻസിയെ (ടി.പി.ഐ.എം.എ.)-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത് കൂടാതെ സെൻട്രൽ തേർഡ് പാർട്ടി ഇൻസ്പെക്ഷൻ ആന്റ് മോണിറ്റിംഗ് ഏജൻസിയായ 'WAPCOS' മുഖേന കേന്ദ്ര സർക്കാരും നേരിട്ട് പദ്ധതി പുരോഗതി വിലയിരുത്തിവരുന്നു.

(ബി) ബി.എസ്.യു.പി. പദ്ധതിയുമായി ബന്ധപ്പെട്ടു കേന്ദ്ര സർക്കാർ നൽകിയ മാർഗ്ഗനിർദ്ദേശങ്ങളും സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു:

1. ഈ പദ്ധതിയുടെ പുരോഗതിയും ഗുണനിലവാരവും മെച്ചപ്പെടുത്തുന്നതിന് കേന്ദ്രസർക്കാർ നിർദ്ദേശ പ്രകാരം കേരളത്തിൽ തേർഡ് പാർട്ടി ഇൻസ്പെക്ഷൻ ആൻറ് മോണിറ്ററിംഗ് ഏജൻസിയായി (ടി.പി.ഐ.എം.എ.) ചെന്നൈയിലുള്ള മഹീന്ദ്ര എൻജിനിയറിംഗ് കൺസൾട്ടൻസിയെ നിയമിച്ചിട്ടുണ്ട്.

2. ഐ.പി.ഒ.എം.എസ്. എന്ന വെബ് അധിഷ്ഠിത സംവിധാനം പദ്ധതി പുരോഗതി വിലയിരുത്തുന്നതിനായി കേന്ദ്രസർക്കാർ രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

3. സെൻട്രൽ തേർഡ് പാർട്ടി ഇൻസ്പെക്ഷൻ ആന്റ് മോണിറ്ററിംഗ് ഏജൻസിയായ 'WAPCOS' മുഖേന കേന്ദ്ര സർക്കാർ നേരിട്ട് പദ്ധതി പുരോഗതി വിലയിരുത്തിവരുന്നു.

4. BMPTC-യും HUDCO-യും പദ്ധതിയുടെ പുരോഗതി വിലയിരുത്താനായി പരിശോധന നടത്തിവരുന്നു.

5. പദ്ധതി നടപ്പിലാക്കിവരുന്ന നഗരസഭകളിലെ എൻജിനീയർമാർക്ക് ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയുടെ സംസ്ഥാനത്ത് നടത്തി വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ 2012 മാർച്ചോടെ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

കുടുംബശ്രീയുടെ പ്രവർത്തനം

21(*51) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീമതി ജെ. അരുന്ധതി :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) കുടുംബശ്രീ മുഖേന ഇപ്പോൾ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കാർഷികമേഖലയിൽ കുടുംബശ്രീ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; സംഘ കൃഷിചെയ്യുന്ന ഗ്രൂപ്പുകൾക്ക് അനുവദിക്കുന്ന പലിശ സബ്സിഡിയുടെ വിശദാംശം നൽകുമോ;

(ഡി) കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും വിപണനസാധ്യതകൾ മെച്ചപ്പെടുത്തുന്നതിനുമായി പദ്ധതികൾ ആവിഷ്കരിക്കുമോ ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി(ശ്രീ. പാലോളി മുഹമ്മദ് കുട്ടി):

(എ) വിവിധ മേഖലകളിലായി കുടുംബശ്രീ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു*.

(ബി) കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന പ്രധാന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സാമ്പത്തിക ശാക്തീകരണ പദ്ധതികൾ
2. സൂക്ഷ്മ സ്വയം തൊഴിൽ വികസന പദ്ധതികൾ
3. പ്രാദേശിക സാമ്പത്തിക വികസന പരിപാടികൾ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly